(ഇ) ലോൺ റീഷെഡ്യൂൾ ചെയ്യുന്നതിന് അപേക്ഷകൾ നിലവിലുണ്ടോ; വിശദവിവരം നൽകാമോ;

(എഫ്)ഈ അപേക്ഷകൾ പരിഗണിച്ച് ഇവയെ സിക്ക് യൂണിറ്റുകളാക്കുന്നതിനായി ലോൺ റീഷെഡ്യൂൾ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനരുദ്ധാരണയോഗ്യമായ യൂണിറ്റുകളെ സിക്ക് യൂണിറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സിക്ക് യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് റീഷെഡ്യൂൾമെന്റ് നൽകാറുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സിക്ക് പുനരുദ്ധാരണത്തെ സംബന്ധിച്ച് ഐ.ഡി.ബി.ഐ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി ജില്ലാ വ്യവസായ കേന്ദ്രത്തിലാണ് സിക്ക് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്. ജില്ല വ്യവസായ കേന്ദ്രവും ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളും സംയുക്തമായി അപേക്ഷകൾ പരിശോധിച്ചതിനു ശേഷമാണ് സിക്ക് ആണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത്. രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകൾക്ക് സാധാരണ കെ.എഫ്.സി റീഷെഡ്യൂൾമെന്റ് അനുവദിക്കാറുണ്ട്. ലോൺ കാലാവധി യൂണിറ്റുകളുടെ പുനരുദ്ധാരണ പദ്ധതിക്കനുസൃതമായി നീട്ടിക്കൊടുക്കാറുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്)പരിശോധനയിൽ സിക്ക് യൂണിറ്റുകളാണെന്ന് കണ്ടാൽ റീഷെഡ്യൂൾമെന്റ് അനുവദിക്കുന്നതാണ്.

കെ.എസ്.എഫ്.സി. ആക്ടിലെ 10 (ബി) വകുപ്പ്

43 (376) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ടിലെ 10 (ബി) വകുപ്പു പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഡയറക്ടർമാർ ആരെല്ലാമാണ്;

(ബി) അതിൽ നിയമപ്രകാരം ചെറുകിട വ്യവസായത്തിൽ പ്രത്യേക പരിജ്ഞാനവും പരിചയവുമുള്ള ഡയറക്ടർ ആരാണ്;

(സി) ഇദ്ദേഹത്തിന്റെ ചെറുകിട വ്യവസായം സംബന്ധിച്ച പ്രത്യേക വിജ്ഞാനവും പരിചയവും തെളിയിക്കുന്നതിന് ആധാരമാക്കിയ സർവ്വീസും വ്യവസായ മേഖലയും ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീ. വിനോദ് റായ്, പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ വകുപ്പ്) ശ്രീ. ആർ. രാഘവൻപിള്ള, സ്വാതി, സെന്റ്മേരീസ് ലൈൻ, പട്ടം, തിരുവനന്തപുരം.

(ബി) രണ്ടുപേർക്കും ചെറുകിട വ്യവസായത്തെക്കുറിച്ച് അറിവുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട വ്യവസായം സ്വന്തം നിലയിൽ നടത്തിയാൽ മാത്രമേ ചെറുകിട വ്യവസായത്തെക്കുറിച്ച് അറിവുണ്ടാവൂ എന്ന് സർക്കാർ കരുതുന്നില്ല.

ജാമ്യവസ്തുവിന്റെ മൂല്യം

44 (377) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യിൽനിന്നും ലോൺ ലഭിക്കുന്നതിനുവേണ്ടി ഈടു നിൽക്കുന്ന ജാമ്യവസ്തുവിന്റെ മൂല്യം കണക്കാക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്;

(ബി) നിലവിൽ ജാമ്യവസ്തുവിന്റെ മൂല്യം പെരുപ്പിച്ചുകാട്ടി ലോൺ എടുക്കാൻ എത്തിയവർക്ക് സഹായകരമായ നിലപാട് സ്വീകരിച്ചതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാലുവേഷനിൽ കൃത്രിമം കാണിച്ചതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ജാമ്യവസ്തുവിന്റെ പ്രമാണം ഒരു വർഷത്തിനുമുൻപും വ്യാവസായിക വസ്തുവിന്റെ പ്രമാണം മൂന്നുവർഷത്തിനുമുൻപും രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ സ്ഥലത്തിന്റെ ഇപ്പോഴത്തെ നടപ്പുവിലയാണ് കണക്കാക്കുന്നത്. ഇത് വില്ലേജാഫീസിൽ നേരിട്ട് അന്വേഷിച്ചും സമീപ പ്രദേശത്തുള്ള വസ്തുവിന്റെ വിറ്റവില മനസ്സിലാക്കിയും ഭൂമിയുടെ കിടപ്പ്, റോഡിൽനിന്നുള്ള അകലം, ഫലവൃക്ഷങ്ങളുടെ എണ്ണം എന്നിവ കണക്കിലെടുത്തുമാണ് മതിപ്പു വില നിശ്ചയിക്കുന്നത്. നിശ്ചിത കാലയളവിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണമാണെങ്കിൽ പ്രമാണത്തിൽ പറഞ്ഞിരിക്കുന്ന വിലയെ മൂല്യമായി കണക്കാക്കാറുണ്ട്. ജില്ലാ ആഫീസുകളിൽ വസ്തുവിന്റെ മൂല്യം കണക്കാക്കുന്നതിനെ സംബന്ധിച്ച് പരാതിയുണ്ടായാൽ ഹെഡ്ഡാഫീസിൽനിന്നും ഉയർന്ന ഉദ്യോഗസ്ഥൻമാരെക്കൊണ്ട് വീണ്ടും മൂല്യനിർണ്ണയം ചെയ്ത് പരാതി പരിഹരിക്കുകയാണ് സാധാരണ ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) ഒന്ന്.

സ്വകാര്യ സ്ഥാപനത്തിന്റെ പേരിൽ കെ.എഫ്.സി.യിൽനിന്നും എടുത്തിട്ടുള്ള ലോണുകൾ

45 (378) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ച് 24 ന് കെ. സിറാജുദീൻ എന്ന ആൾ താജ് ടവേഴ്സ് കായംകുളം എന്ന സ്ഥാപനത്തിന്റെ പേരിൽ കെ.എഫ്.സിയിൽനിന്നും ലോൺ എടുത്തിട്ടുണ്ടോ;

(ബി) മറ്റേതെങ്കിലും തീയതിയിൽ ഈ വ്യക്തി കെ.എഫ്.സി.യിൽനിന്നും ലോൺ എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly